## ദേശീയ നീർത്തടാധിഷ്ഠിത വികസന പദ്ധതി

7389 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ നീർത്തടാധിഷ്ഠിത വികസന പദ്ധതിക്കായി 2013-2014-ൽ ആകെ ലഭിച്ച തുക എത്ര;

(ബി) ആകെ എത്ര തുക ചെലവഴിച്ചു;

(സി) ഓരോ ജില്ലയിലും എത്ര തുക വീതം അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ഡി) ദേശീയ നീർത്തടാധിഷ്ഠിത വികസന പദ്ധതിയുടെ ഭാഗമായി 2013-2014-ൽ കണ്ണൂർ ജില്ലയിൽ ഏറ്റെടുത്ത പദ്ധതികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ?

## ഗ്രീൻഹൗസ് പദ്ധതി

7390 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, ബാബു എം. പാലിശ്ശേരി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രീൻഹൗസ് പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മൂന്ന് ഗ്രീൻഹൗസ് വീതം സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രീൻഹൗസ് പദ്ധതി പ്രഖ്യാപിച്ചിരുന്നത് ഏത് വർഷത്തിലായിരുന്നു; ഏറ്റവും ഒടുവിൽ പ്രസ്തുത പദ്ധതി പ്രവർത്തനം അവലോകനം നടത്തിയത് എപ്പോഴാണ്; ലക്ഷ്യവും നേട്ടവും വിശദമാക്കുമോ;

(സി) പദ്ധതിക്കുവേണ്ടി ഇതിനകം ചെലവഴിക്കപ്പെട്ട തുകയും ബജറ്റുകളിൽ വകയിരുത്തപ്പെട്ട തുകകളും സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുക വഴി പച്ചക്കറി ഉത്പാദനത്തിൽ പ്രഖ്യാപിച്ച സ്വയംപര്യാപ്തത കൈവരിക്കാൻ സാധ്യമായിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനെ തുടർന്ന് പച്ചക്കറിക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതില്ലെന്ന നില വന്നിട്ടുണ്ടോ?

## ഗ്രോബാഗ് പദ്ധതി നടത്തിപ്പിന്റെ അവലോകനം

7391 ശ്രീ. ജി. സുധാകരൻ
,, കെ. ദാസൻ
,, സി. കൃഷ്ണൻ
ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രോബാഗ് പദ്ധതി നടത്തിപ്പിന്റെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം പച്ചക്കറി കൃഷിയുടെ വ്യാപനമാണ് ലക്ഷ്യമിട്ടിരുന്നത്;

(സി) ഓരോ ഗ്രോബാഗ് നിർമ്മിക്കുന്നതിനും എന്തുതുക ചെലവ് വന്നു; ഇത് കർഷകർക്ക് എന്തു വിലയ്ക്ക് നൽകിയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ നിലച്ചിരിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ?

കാലാവസ്ഥ വ്യതിയാനം മൂലം കാര്‍ഷിക വിളകള്‍ക്കുണ്ടാകാവുന്ന നാശനഷ്ടങ്ങള്‍

7392 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യത്തിന്

**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**

സദയം മറുപടി നല്‍കുമോ:

കാലാവസ്ഥ വ്യതിയാനം മൂലം കാര്‍ഷിക വിളകള്‍ക്കുണ്ടാകാവുന്ന നാശനഷ്ടങ്ങള്‍ക്ക് നഷ്ടപരിഹാരം നല്‍കുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## കർഷക ദിനാചരണം

7393 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 വർഷത്തെ കർഷക ദിനാചരണത്തിന്റെ സംസ്ഥാനതല ഉത്ഘാടനത്തോടനുബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കർഷകർക്ക് പുതിയ കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനും പുതിയ മാർക്കറ്റിംഗ് രീതികൾ പരിചയപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങൾ കാർഷിക ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## നാണ്യവിളകളുടേയും ഭക്ഷ്യവിളകളുടേയും ഉല്പാദനം

7394 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാണ്യവിളകളുടേയും ഭക്ഷ്യവിളകളുടേയും ഉല്പാദനത്തിന്റെ വിശദ വിവരങ്ങൾ നൽകുമോ;

(ബി) 2012–13 കാലയളവിൽ നെല്ലുല്പാദനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വിശദമാക്കുമോ?

നീര എന്ന പേരിൽ ആരോഗ്യപാനീയം ഉൽപ്പാദിപ്പിക്കൽ

7395 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീരയുടെ ഓരോ യൂണിറ്റിലും എത്ര നീര ടെക്നീഷ്യൻമാരാണ് ഉള്ളത്; ഇവർക്ക് പ്രതിമാസം എത്ര രൂപയാണ് വരുമാനം ലഭിക്കുന്നത്;

(ബി) നീരയുടെ പ്രതിവർഷ ഉൽപ്പാദനം എത്രയാണ്;

(സി) കേരകർഷകന് പ്രതിവർഷം നീര ഉൽപ്പാദനം വഴി എത്ര രൂപയാണ് ലഭിക്കുന്നത്;

(ഡി) നീരയുടെ ഉൽപ്പാദനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാനും, വർദ്ധിപ്പിക്കാനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## ഹൈടെക് കൃഷിരീതിയുടെ വ്യാപനം

7396 ശ്രീ. സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി വിളകളിൽ സമഗ്ര ഉത്പാദന വർദ്ധനവിനായി എന്തെല്ലാം കാര്യങ്ങളാണ് ഹൈടെക് കൃഷിരീതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) സംസ്ഥാനത്ത് എത്ര ഹെക്ടറിൽ പ്രസ്തുത കൃഷി രീതി നടത്തിവരുന്നുണ്ട് ; വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം പ്രോത്സാഹനങ്ങളാണ് കർഷകർക്ക് നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

## പച്ചക്കറി വിത്തുകളുടെയും വളത്തിന്റെയും വിതരണം

7397 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് പച്ചക്കറി വിത്തും വളവും നേരിട്ടാണോ വിതരണം ചെയ്യുന്നത്; അല്ലെങ്കിൽ ഏത് ഏജൻസി വഴിയാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; വിതരണത്തിന്റെ മാനദണ്ഡം എന്താണ്;

(ബി) വിതരണം ചെയ്ത പച്ചക്കറി വിത്തുകൾ ഗുണനിലവാരം ഇല്ലാത്തവയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിത്തുകളുടെ നിലവാരം കുറയാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം വിത്ത് ശേഖരണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്; ഗുണനിലവാരം കുറഞ്ഞ വിത്തുകൾ നൽകിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ; സ്വീകരിച്ചെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഗുണനിലവാരമുള്ള പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

## ഇടനിലക്കാരെ ഒഴിവാക്കിയുള്ള കാർഷികോൽപ്പന്ന വിപണനം

7398

ശ്രീ. കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, പി. എ. മാധവൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഇടനിലക്കാരുടെ ചൂഷണമില്ലാതെ കർഷകർക്ക് നേരിട്ട് ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സംവിധാനമൊരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സംവിധാനത്തിന്റെ പ്രവർത്തന രീതിയും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനാണ് പ്രസ്തുത സംവിധാനത്തിൽ സൗകര്യമൊരുക്കിയത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

## കൃഷി ഉൽപ്പാദനത്തിൽ വന്നിട്ടുള്ള കുറവ്

7399 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കൃഷിഭൂമിയുടെ എത്ര ശതമാനമാണ് നെൽകൃഷി ചെയ്യുന്നത്;

(ബി) ഇപ്പോൾ മറ്റ് ഭക്ഷ്യവിളകൾ കൃഷിചെയ്യുന്നത് കൃഷിഭൂമിയുടെ എത്ര ശതമാനമാണ്;

(സി) വിവിധ കൃഷികൾ നടത്തുന്ന കൃഷിഭൂമി ഇപ്പോൾ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; ആയതിന്റെ വിസ്തൃതി കുറഞ്ഞുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കൃഷിഭൂമിയുടെ ഉപയോഗം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിനായി കുടുംബശ്രീ വഴി കൂട്ടുകൃഷി സമ്പ്രദായം വ്യാപകമാക്കാൻ എന്തു നടപടികൾ സ്വീകരിച്ചു; ഇതിനായി എത്ര തുക നാളിതുവരെ വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ?

## ഹരിത സംഘങ്ങൾ

7400 ശ്രീ. വി. എസ്. സുനിൽകുമാർ
,, കെ. രാജു
,, കെ. അജിത്
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്; ഈ സംഘങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഹരിതസംഘങ്ങൾ മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വന്നിരുന്നത്; ഈ സംഘങ്ങളിലെല്ലാം കൂടി എത്ര കർഷകർ അംഗങ്ങളായിരുന്നുവെന്ന് വ്യക്തമാക്കുമോ?

## അഗ്രികാർഡ് വിതരണവും പലിശരഹിത വായ്പയും

7401 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രികാർഡ് നൽകിയ എത്ര കർഷകരുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് അഗ്രികാർഡ് കൈപ്പറ്റിയവർക്ക് നൽകിയതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ സംസ്ഥാനത്തെ കർഷകർക്ക് പലിശരഹിത വായ്പ നൽകാൻ കേന്ദ്രത്തോട് എന്തുതുക ആവശ്യപ്പെട്ടെന്നും കേന്ദ്രം എന്തുതുക അനുവദിച്ചെന്നും വിശദമാക്കാമോ?

## പോളിഹൗസ് യൂണിറ്റുകൾക്കുള്ള സഹായം

7402 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര പോളിഹൗസ് യൂണിറ്റുകൾക്ക് സർക്കാർ സഹായം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പോളിഹൗസ് കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്തൊക്കെയാണെന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പോളിഹൗസ് കൃഷിയിൽ വിദഗ്ധ പരിശീലനം ലഭിച്ച എത്ര കൃഷി ഓഫീസർമാർ, ടെക്നീഷ്യന്മാർ ഉണ്ടെന്ന് വ്യക്തമാക്കുമോ; കൂടുതൽ ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ വിദഗ്ധ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## ഹോർട്ടികോർപ്പ് വഴി ജൈവ ഉൽപ്പന്നങ്ങൾ

7403 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവ കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും ഹോർട്ടികോർപ്പ് വഴി വിപണനം ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പച്ചക്കറികളാണ് ഏതൊക്കെ സ്ഥലങ്ങളിൽ വിപണനം നടത്തുന്നത്;

(സി) എവിടെ നിന്നാണ് ഇവ സംഭരിക്കുന്നത്;

(ഡി) ജൈവകൃഷിയിലൂടെയാണ് ഉൽപ്പാദിപ്പിക്കുന്നതെന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(ഇ) ഇവയ്ക്ക് മറ്റുള്ളവയെക്കാൾ വിലവ്യത്യാസമുണ്ടോ; വ്യക്തമാക്കുമോ ?

## കൃഷിഭവനുകളുടെ ശാക്തീകരണം

7404 ശ്രീ. എം. എ. വാഹീദ്
,, പാലോട് രവി
,, വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) കർഷകരുടെ എന്തെല്ലാം അടിസ്ഥാന വിവരങ്ങളും കാർഷിക വിവരങ്ങളുമാണ് കൃഷിഭവനുകൾ ശേഖരിച്ച് വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത വിവരങ്ങൾ ക്രോഡീകരിക്കുവാൻ എന്തെല്ലാം സംവിധാനമാണ് കൃഷിഭവനുകളിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ക്രോഡീകരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കർഷകർക്ക് ബാങ്കുകൾ മുഖേന ധനസഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

## കാര്‍ഷികോല്പന്നങ്ങള്‍ കൃഷിഭവനുകള്‍ വഴി സംഭരിക്കുന്ന പദ്ധതി

7405 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷികോല്പന്നങ്ങള്‍ കൃഷിഭവനുകള്‍ വഴി സംഭരിക്കുന്ന പദ്ധതി ഏതെല്ലാം കൃഷിഭവനുകളില്‍ നടപ്പിലാക്കിയിട്ടുണ്ട്; അതിനായി കൃഷി ഓഫീസര്‍മാര്‍ക്ക് എത്ര രൂപ അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) സംഭരിച്ച കാര്‍ഷികോല്പന്നങ്ങള്‍ കേടുകൂടാതെ സൂക്ഷിക്കാന്‍ എന്തെല്ലാം സംവിധാനങ്ങള്‍ കൃഷിഭവനുകളില്‍ സജ്ജീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കാര്‍ഷികരംഗത്തെ പദ്ധതികള്‍ നടപ്പിലാക്കുന്നതിന് സംസ്ഥാന കൃഷിഭവനുകളില്‍ ആവശ്യത്തിന് ജീവനക്കാരില്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ അതു പരിഹരിക്കുന്നതിനായി നടപടികള്‍ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ആഗ്രോ സർവ്വീസ് സെന്റുകൾ</u>

7406 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഗ്രോ സർവ്വീസ് സെന്ററുകളുടെ ഘടന വിശദീകരിക്കാമോ ;

(ബി) ആഗ്രോ സർവ്വീസ് സെന്റർ ഒന്നിന് പ്രതിവർഷം എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

## വേനൽമഴയിലുണ്ടായ കൃഷി നാശത്തിന് സഹായധനം

7407 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വേനൽ മഴയിൽ ഉണ്ടായ കൃഷിനാശത്തിന് വിധേയരായ കർഷകർക്ക് നൽകുന്നതിനായി എന്തു തുക വകയിരുത്തിയെന്ന് വ്യക്തമാക്കുമോ ;

(ബി) വേനൽ മഴയിലെ കൃഷി നാശത്തിന്റെ ധനസഹായമായി എത്ര തുകയുടെ കേന്ദ്രസഹായം ആവശ്യപ്പെട്ടു; എന്തു തുക ലഭിച്ചു ;

(സി) ഇത്തരത്തിൽ കൃഷിനാശത്തിന് വിധേയരായ കർഷർക്ക് നൽകുവാനുള്ള സഹായധനം ഇനി എത്ര അപേക്ഷകർക്ക് കൊടുത്തു തീർക്കുവാനുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;'

(ഡി) പ്രസ്തുത സഹായധനം ഇവർക്ക് എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ ?

## കാലവർഷക്കെടുതികളിലെ നാശനഷ്ടം

7408 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12-ലും 2012-2013-ലും 2013-2014-ലും കാലവർഷക്കെടുതികളിൽ ഓരോജില്ലയിലും എത്ര തുകയുടെ കൃഷിനാശം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്;

(ബി) മേൽപ്പറഞ്ഞ ഓരോ വർഷവും ഓരോ ജില്ലയിലും എത്ര തുക വീതം നഷ്ടപരിഹാരം വിതരണം ചെയ്യുകയുണ്ടായി;

(സി) 2011-2012-ലും 2012-2013-ലും 2013-2014-ലും സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും എത്ര തുക വീതം ഓരോ ജില്ലയ്ക്കും അനുവദിച്ചെന്നും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

## കാർഷിക മേഖലയിൽ കാർഷിക വിദ്യാഭ്യാസം

7409

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ പ്രഗൽഭരെ സൃഷ്ടിക്കുന്ന കാർഷിക വിദ്യാഭ്യാസം സംസ്ഥാനത്ത് മെച്ചപ്പെടുത്തേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കാർഷിക വിദ്യാഭ്യാസം നൽകുവാനായി എത്ര കോളേജുകൾ നിലവിലുണ്ട്; എവിടെയെല്ലാം; നിലവിലുള്ളവയിലൂടെ എത്ര വിദ്യാർത്ഥികൾക്ക് പഠനത്തിനുള്ള സൗകര്യം ലഭിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും കാർഷിക മേഖലയിൽ കൂടുതൽ കോളേജുകൾ തുടങ്ങുവാനും അതിലൂടെ കൂടുതൽ വിദ്യാർത്ഥികൾക്ക് അവസരം നൽകുവാനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഇ) ഇതോടൊപ്പം കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ?

## മാങ്ങയുടെ ഉൽപ്പാദനം

7410 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാങ്ങയുടെ ഉൽപ്പാദനം വർഷത്തിൽ ശരാശരി എത്ര ടൺ വരുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ അഭ്യന്തര ആവശ്യം കഴിഞ്ഞ് എത്ര ടൺ വിദേശത്തേയ്ക്കും, അന്യസംസ്ഥാനങ്ങളിലേയ്ക്കും കയറ്റി അയയ്ക്കുന്നുണ്ട്;

(സി) ഇതുമൂലം സംസ്ഥാനത്തേക്ക് എത്ര കോടി രൂപയുടെ വരുമാനം ലഭ്യമാകുന്നുണ്ട്;

(ഡി) മാങ്ങയ്ക്ക് മികച്ച വില ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

കോക്കനട്ട് ബയോ പാർക്കുകൾ

7411 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പുരുഷൻ കടലുണ്ടി
,, എസ്. രാജേന്ദ്രൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെക്കൻ കേരളത്തിലും മധ്യകേരളത്തിലും വടക്കൻ മേഖലയിലുമായി മൂന്ന് കോക്കനട്ട് ബയോ പാർക്കുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ എപ്പോൾ എന്ന് വ്യക്തമാക്കുമോ;

(ബി) കോക്കനട്ട് ബയോ പാർക്കുകൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം ബയോ പാർക്കുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്;

(ഡി) ഇതു സംബന്ധിച്ച പ്രഖ്യാപനത്തിനു ശേഷം ഓരോ ബജറ്റിലും ഇതിനായി വകയിരുത്തിയ തുകയുടെയും ഇതിനകം ചെലവഴിക്കപ്പെട്ട തുകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

## <u>കേരകൃഷി</u>

7412 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് കേരകൃഷി ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) നാളികേരത്തിന്റെ ഉൽപ്പാദനത്തിൽ ഈ വർഷം കുറവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

തെങ്ങു കൃഷി

7413 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2001-ൽ സംസ്ഥാനത്ത് എത്ര ഹെക്ടർ തെങ്ങുകൃഷി ഉണ്ടായിരുന്നു എന്നും ആയത് ഇപ്പോൾ എത്ര ഹെക്ടറായി ചുരുങ്ങിയെന്നും 2001 മുതൽ 2013 വരെ വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2001-ൽ സംസ്ഥാനത്ത് എത്ര തേങ്ങ ഉല്പാദിപ്പിച്ചിരുന്നുവെന്നും ഇപ്പോൾ ഉല്പാദനം എത്രയെന്നും വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ സംസ്ഥാനത്ത് തെങ്ങുകൃഷി മേഖലയിലും ഉല്പാദനത്തിലും വന്നിട്ടുള്ള കുറവിനുള്ള കാരണം എന്താണെന്ന് പരിശോധിച്ചുവോ ; വിശദമാക്കുമോ ;

(ഡി) തെങ്ങുകൃഷി മേഖലയിൽ പടർന്നുപിടിച്ചിട്ടുള്ള രോഗങ്ങൾ എന്തെല്ലാം എന്നും ഇവയ്ക്ക് നിലവിൽ ഏതെല്ലാം മരുന്നുകളാണ് ഉപയോഗിച്ചു വരുന്നതെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത മരുന്നും പ്രതിരോധ പ്രവർത്തനങ്ങളും ഫലപ്രദമല്ലാത്തതിനാൽ തെങ്ങുകൾ മുറിച്ചു നീക്കാൻ കേരകർഷകർ നിർബന്ധിതരാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇപ്രകാരം 2010 മുതൽ 2013 വരെ മുറിച്ചുമാറ്റപ്പെട്ട തെങ്ങുകളുടെ കണക്ക് ലഭ്യമാക്കുമോ ;

(ജി) ഇതു തടയുന്നതിനും തെങ്ങിനുണ്ടാകുന്ന രോഗങ്ങൾക്ക് ഫലപ്രദമായ ഔഷധങ്ങൾ കണ്ടെത്തി പ്രതിരോധിക്കാനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

തെങ്ങുകൃഷി പുനഃക്രമീകരിക്കുന്നതിനുള്ള പദ്ധതി

7414 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മമ്മൂട്ടി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേര ഉല്പന്ന വൈവിദ്ധ്യവത്കരണ പദ്ധതികൾ എത്രത്തോളം ഊർജ്ജിതമായി നടപ്പാക്കി വരുന്നുണ്ട്; ആവശ്യാധിഷ്ഠിതതത്വമനുസരിച്ച് തെങ്ങ് കൃഷി പുനഃക്രമീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) നീര ഉല്പാദനത്തിന് അനുയോജ്യമായ തെങ്ങുകൾ വച്ചുപിടിപ്പിക്കുന്നതു പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇളനീർ വിപണി എത്രത്തോളം സജീവവും ലാഭകരവുമാണ്; കർഷകരെ അതിലേക്ക് ആകർഷിക്കുന്നതിന് കുള്ളൻ ഇനം തെങ്ങ് കൃഷി വ്യാപിപ്പിക്കാനാവശ്യമായ വിത്തുതൈകൾ കൂടുതലായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## <u>കേരകൃഷി പ്രോത്സാഹനം</u>

7415 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധികവിള നൽകുന്നതും കർഷകർക്ക് സ്വയം വിളവെടുപ്പ് സാധ്യമാകുന്നതുമായ ചെറിയ ഇനം തെങ്ങിൻ തൈകൾ വ്യാപിപ്പിയ്ക്കുന്നതിന് കൃഷി ഓഫീസുകൾ മുഖേന കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്ന കാര്യം പരിഗണിയ്ക്കുമോ;

(ബി) സംസ്ഥാനത്ത് എല്ലാ സർക്കാർ ഓഫീസുകളിലും ഇത്തരം തെങ്ങിനങ്ങളുടെ വ്യാപനത്തിന് പദ്ധതി തയ്യാറാക്കുമോ;

## നെല്ലിന് താങ്ങുവില

7416 ശ്രീ. എം ചന്ദ്രൻ
,, സി.കെ. സദാശിവൻ
,, വി. ചെന്താമരാക്ഷൻ
,, കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ ഉല്പാദനച്ചെലവെങ്കിലും താങ്ങുവിലയായി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ എന്ന് വ്യക്തമാക്കുമോ;

(ബി) കാലാവസ്ഥാവ്യതിയാനവും സംഭരിച്ച നെല്ലിന് യഥാസമയം വില ലഭിക്കാതെയും ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ സർക്കാർ തലത്തിൽ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

# നെൽകൃഷിയുടെ വികസനം

7417 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷിയുടെ വികസനത്തിനായി 2013-2014-ൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം;

(ബി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്ര;

(സി) പാടശേഖരസമിതികളുടെ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി എത്ര തുക ചെലവഴിക്കുകയുണ്ടായി;

(ഡി) ഓരോ ജില്ലയിലും എത്ര പാടശേഖര സമിതികൾക്ക് ആനുകൂല്യം നൽകുകയുണ്ടായി; ഓരോ പാടശേഖര സമിതിക്കും ആനുകൂല്യം നൽകുന്നതിനു സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ഇ) 150 മാതൃകാപാടശേഖരങ്ങൾക്ക് ഇൻസന്റീവ് നൽകുന്ന പദ്ധതിപ്രകാരം ഓരോ ജില്ലയിലും എത്ര പാടശേഖര സമിതികൾക്ക് ഇക്കാലയളവിൽ നൽകി; ഇൻസന്റീവ് നൽകുന്നതിന് എത്ര തുക ആകെ ചെലവഴിച്ചു; വ്യക്തമാക്കുമോ?

## ഹൈടെക് കൃഷി നടപ്പിലാക്കൽ

7418 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് കൃഷി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) എങ്കിൽ ഇതുമൂലം ഉൽപാദനവും ഉൽപാദനക്ഷമതയും എത്രയധികം വർദ്ധിച്ചു എന്ന് വിശദമാക്കാമോ ?

## നിറവ് പദ്ധതി

7419 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതിയെകുറിച്ച് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം മണ്ഡലങ്ങളിലാണ് നിറവ് പദ്ധതി നടപ്പലാക്കിയതെന്ന് വ്യക്തമാക്കാമോ;

(സി) നിറവ് പദ്ധതിപ്രകാരം മങ്കട മണ്ഡലത്തിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയതെന്നും ഇനിയെന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

## കൊയിലാണ്ടി മണ്ഡലത്തിൽ നിറവ് പദ്ധതി

7420 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തെ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിറവ് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നത്; വ്യക്തമാക്കാമോ;

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നെൽകൃഷി വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് അനുയോജ്യമായ പാടശേഖരങ്ങൾ, കൃഷിഭൂമി എന്നിവ എവിടെയെല്ലാം ലഭ്യമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത് ഏതെല്ലാം പഞ്ചായത്തുകളിലാണ് നിലനിൽക്കുന്നതെന്ന് ഭൂമിയുടെ വിസ്തൃതി, മറ്റ് വിവരങ്ങൾ എന്നിവ സഹിതം വിശദമാക്കാമോ;

(ഡി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എവിടെയെല്ലാമാണ് പാടശേഖര സമിതികൾ ഉള്ളതെന്നത് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കൊയിലാണ്ടി വെളിയന്നൂർ ചല്ലികൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിന് സർക്കാർ മുമ്പാകെ കൃഷിവകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഈ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

പായിപ്പാട്, തൃക്കൊടിത്താനം, മാടപ്പള്ളി, വാഴപ്പള്ളി, കുറിച്ചി, ചങ്ങനാശ്ശേരി ഠൗൺ എന്നീ സ്ഥലങ്ങളിലെ കൃഷി ഭവനുകൾ

7421 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പായിപ്പാട്, തൃക്കൊടിത്താനം, മാടപ്പള്ളി, വാഴപ്പള്ളി, കുറിച്ചി ചങ്ങനാശ്ശേരി ഠൗൺ എന്നീ സ്ഥലങ്ങളിലെ കൃഷിഭവനുകൾ വഴി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എന്തൊക്കെ കാർഷിക വികസന പരിപാടികളാണ് നടപ്പാക്കിയത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനു വേണ്ടി ഓരോ കൃഷിഭവനിലും ചെലവാക്കിയ തുക എത്ര;

(സി) പ്രസ്തുത പദ്ധതികളിലൂടെ ഓരോ കൃഷിഭവനിലും എത്ര കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## <u>കാസർകോഡ് ജില്ലയിലെ കൂമ്പുചീയൽ രോഗം</u>

7422 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ മലയോര പഞ്ചായത്തുകളിൽ തെങ്ങിന് കൂമ്പുചീയൽ രോഗം പിടിപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര തെങ്ങുകളാണ് ഇതുമൂലം നശിച്ചു പോയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലയിലെ നാളികേര കർഷകർക്ക് ഇതിന് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; തെങ്ങ് ഒന്നിന് എത്ര രൂപ നിരക്കിൽ എത്ര കർഷകർക്ക് ഇത് ലഭിച്ചു; വ്യക്തമാക്കാമോ?

നെൽകൃഷി പാടശേഖരങ്ങൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കൽ

7423 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിസ്തൃതി കുറഞ്ഞ പാടശേഖരങ്ങളിൽ ഉഴവിനു വേണ്ടി ഇപ്പോൾ വിതരണം ചെയ്യുന്ന പവ്വർ ടില്ലറുകൾക്കുപകരം താരതമ്യേന അദ്ധ്വാനം കുറഞ്ഞ മിനി ട്രാക്ടറുകൾ അനുവദിക്കുന്നകാര്യം പരിഗണിക്കുമോ;

(ബി) കുബോട്ടാ മിനി ട്രാക്ടറുകൾ വാങ്ങുന്നതിന് പാടശേഖരങ്ങൾക്ക് ഇപ്പോൾ ധനസഹായം നൽകുന്നുണ്ടോ;

(സി) ഏത് പദ്ധതിപ്രകാരമാണ് ധനസഹായം നൽകുന്നത്;

(ഡി) ഇത് 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തുമോ ?

നാട്ടിക മണ്ഡലത്തിലെ ജയന്തി കോൾ പടവ് കൃഷിക്കാരുടെ പ്രശ്നങ്ങൾ

7424 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ ചാഴൂർ പഞ്ചായത്തിൽപ്പെടുന്ന ജയന്തി കോൾ പടവിലെ നെൽകൃഷിക്കാർ എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; കെട്ടിക്കിടക്കുന്ന നെല്ലിന് താങ്ങുവില നൽകി ഏറ്റെടുക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്നറിയിക്കുമോ;

(ബി) നെല്ലിന് സർക്കാർ നിശ്ചയിച്ച താങ്ങുവില നൽകാതെ കർഷകരെ ചൂഷണം ചെയ്യുകയും കബളിപ്പിക്കുകയും ചെയ്യുന്ന സ്വകാര്യ നെല്ലുകുത്ത് കമ്പനികളെയും ഏജന്റുമാരെയും നിയന്ത്രിക്കുന്നതിനും കർഷകർക്ക് ന്യായവില നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ തരിശു നിലങ്ങളിലെ നെൽകൃഷി

7425 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരിശു നിലങ്ങളിൽ നെൽകൃഷി നടത്തുന്ന പദ്ധതിയിൽപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പാടശേഖരങ്ങളിലാണ് കൃഷി നടത്തിയത്;

(ബി) ഈ സാമ്പത്തിക വർഷത്തിൽ എത്ര പാടശേഖരങ്ങളിൽ കൃഷി നടത്താൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

## ഉപ്പ് വെള്ള പ്രതിരോധ ബണ്ട് നിർമ്മാണം

7426 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖേന നെൽകൃഷി സംരക്ഷിക്കുന്നതിനും ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതിനും എന്തൊക്കെ സഹായങ്ങളാണ് നല്കിവരുന്നത്;

(ബി) കണ്ണൂർ ജില്ലയിലെ മാട്ടൂൽ പഞ്ചായത്തിലെ തെക്കുമ്പാട് പാടശേഖരത്ത് ഉപ്പ് വെള്ളം കയറി കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയിലാണുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ നെൽകൃഷി ചെയ്യുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും പുഴഭാഗം കല്ല് കെട്ടി ഉപ്പ് വെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ചേലക്കര കൃഷിഫാം, പരക്കാട് ജില്ലാ കൃഷിത്തോട്ടം, പഴയന്നൂർ ജില്ലാ സീഡ്ഫാം എന്നിവിടങ്ങളിലെ കൃഷി ഭൂമി**

7427 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽപ്പെട്ട ചേലക്കര കൃഷിഫാം, പരക്കാട് ജില്ലാ കൃഷിത്തോട്ടം, പഴയന്നൂർ ജില്ലാ സീഡ് ഫാം എന്നിവിടങ്ങളിൽ എത്ര ഭൂമിയുണ്ട്; അവിടെ നടന്നു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഇപ്പോൾ നടന്നു വരുന്ന പ്രവർത്തനങ്ങൾക്കൊപ്പം പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത്രയും ഭൂമി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ നിലവിലുള്ള പ്രവർത്തനങ്ങൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിനും പുതിയ പദ്ധതികൾ ആരംഭിക്കുവാനും നടപടികൾ സ്വീകരിക്കുമോ?

## മിഷൻ 676 പദ്ധതിപ്രകാരം ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതി

7428 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ഏതെല്ലാം പ്രവർത്തനങ്ങളാണ് ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി-പരിയാരം പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോടിന്റെ ആഴം കൂട്ടി, കെട്ടിസംരക്ഷിക്കുന്ന പദ്ധതിയ്ക്ക് മിഷൻ 676-ൽ ഉൾപ്പെടുത്തി അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

## ചാവക്കാട് നഗരസഭയിലെ മത്തിക്കായൽ മുട്ടിൽ പാടശേഖരത്തിലെ ജലലഭ്യത ഉറപ്പ് വരുത്തൽ

7429 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് നഗരസഭയിലെ മത്തിക്കായൽ മുട്ടിൽ പാടശേഖരത്തിലെ ജലലഭ്യത ഉറപ്പ് വരുത്തുന്ന നടുത്തോട് ആഴം കൂടി പുനരുദ്ധരിച്ച് സംരക്ഷിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പ്രദേശത്തെ നെൽകർഷകർ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തികരിച്ച് പ്രദേശത്തെ നെൽകർഷകർക്ക് ആശ്വാസമേകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

7430 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ഇപ്പോൾ എന്തെല്ലാം കേന്ദ്രാവിഷ്കൃതപരിപാടികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) കായംകുളം മണ്ഡലത്തിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നഗരസഭ, പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി</u>

7431 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' ഇ. പി. ജയരാജൻ
'' എം. ചന്ദ്രൻ
'' കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ കൃഷികളേയും ഉൾപ്പെടുത്തിക്കൊണ്ടും വിള ഇൻഷ്വറൻസും, പെൻഷൻ ആനുകൂല്യങ്ങളും കൂട്ടി ച്ചേർത്തുകൊണ്ടും സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപനം നടത്തിയത് ഏത് വർഷത്തിലായിരുന്നു; ഫലത്തിൽ നടപ്പിലായിട്ടുള്ളത് എന്നു മുതലാണ്;

(സി) ഏതെല്ലാം കൃഷി മേഖലയിൽ നിന്നുള്ള എത്ര പേർ വീതം പദ്ധതിയിൻ കീഴിൽ നിലവിൽ വന്നിട്ടുണ്ട്;

(ഡി) പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെ കാലവർഷക്കെടുതി, രോഗം, കീടങ്ങളുടെ ആക്രമണം, കാലാവസ്ഥാവ്യതിയാനം എന്നീ കാരണങ്ങളാൽ കാർഷിക വിള നശിച്ച എത്ര കർഷകർക്ക് മേൽപറഞ്ഞ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയുണ്ടായി;

(ഇ) ഓരോ വർഷവും അടച്ച ഇൻഷ്വറൻസ് പ്രീമിയം തുക എത്ര കോടി വീതമായിരുന്നു;

(എഫ്) പ്രസ്തുത പദ്ധതിയെക്കുറിച്ച് പ്രത്യവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

കൃഷിവകുപ്പ് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ

7432 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് കൃഷിവകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്തെ വിവിധ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് കൃഷിവകുപ്പ് മുഖേനയും, മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനുള്ള നടപടികൾ</u>

7433 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും, ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കാർഷികോല്പന്ന വിതരണ വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ 2012-13, 2013-14 വർഷക്കാലത്ത് എത്ര തുക ചെലവഴിച്ചു; അതിൻപ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്നും വിശദമാക്കാമോ;

(സി) വിപണി അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡുമായി ചേർന്ന് എത്ര തുകയുടെ വികസന പ്രവർത്തനങ്ങൾ 01.07.2011 മുതൽ 31.03.2014 വരെ നടപ്പിലാക്കി എന്നതിന്റെ വിശദാംശം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കാര്‍ഷിക മേഖലയിലെ തൊഴിലിന്</u>
<u>സ്ഥിരവരുമാനം</u>

7434 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക മേഖലയില്‍ തൊഴില്‍ ചെയ്യുന്നവരെ സ്ഥിരവരുമാനക്കാരനാക്കുന്നതിനും അവരുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനും എന്തെങ്കിലും പദ്ധതികള്‍ ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) കര്‍ഷകരുടെ ജീവിതനിലവാരം ഉയര്‍ത്തുന്ന തരത്തിലുള്ള എന്തെങ്കിലും പദ്ധതികള്‍ നിലവിലുണ്ടോ എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ജാതി കർഷകരെ സഹായിക്കുന്നതിനായി നടപടി</u>

7435 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജാതികർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിലെ ഹരിത നഗരി പദ്ധതി

7436 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഹരിത നഗരി പദ്ധതിയിൽ എത്ര കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് എത്ര രൂപയുടെ ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത്;

(സി) ആനുകൂല്യങ്ങൾ ലഭിച്ച കുടുംബങ്ങൾ എത്ര രൂപയുടെ പച്ചക്കറികളാണ് ഉല്പാദിപ്പിച്ചിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഹരിത നഗരി പദ്ധതി ഈ വർഷവും ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്രപേർക്കാണ് ഇത്തവണ ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ഗ്രീൻഹൗസുകൾ നിർമ്മാണം</u>

7437 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രീൻഹൗസുകൾ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നു മുതൽ എന്നു വരെയായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ്</u>

7438 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) പാക്കേജിൽ നാളിതുവരെ എത്ര കോടി രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചു; എത്ര കോടി രൂപ പിൻവലിച്ചു; എത്ര കോടി രൂപ ചെലവഴിച്ചു; വ്യക്തമാക്കുമോ;

(സി) പാക്കേജിനായി നാളിതുവരെ കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചു; അതിൽ എത്ര തുക ചെലവഴിച്ചു;

(ഡി) പാക്കേജിനായി നാളിതുവരെ സംസ്ഥാന സർക്കാർ എത്ര കോടി രൂപ ചെലവഴിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>തെങ്ങുകയറ്റത്തൊഴിലാളികളുടെ ദൗർലഭ്യം</u>

7439 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങ് കയറുന്നതിന് തൊഴിലാളികളെ ലഭ്യമല്ലാത്ത അവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നു;

(ബി) ഏറ്റവും ഒടുവിൽ വികസിപ്പിച്ചെടുത്തിട്ടുള്ള തെങ്ങുകയറ്റ യന്ത്രം കൃഷിവകുപ്പിന്റെ ചുമതലയിലാണോ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നത്;

(സി) സാധാരണ ജനങ്ങൾക്കും ഇതിൽ പരിശീലനം നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സർക്കാർ പരിശീലനവും തെങ്ങുകയറ്റ യന്ത്രവും നൽകിയ തൊഴിലാളികൾ തെങ്ങുകയറുന്നതിന് വാങ്ങുന്ന പ്രതിഫലത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) പൊതുജനങ്ങൾക്കും തെങ്ങുകയറ്റ യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**14.07.2014-ലെ മറുപടിക്ക്**

വിള ഇൻഷ്വറൻസ് പദ്ധതി

7440 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012-ലും 2012-2013-ലും 2013-2014-ലും എത്ര തുക വിള ഇൻഷ്വറൻസ് ഫണ്ട് ഇനത്തിൽ സ്വരൂപിക്കുകയുണ്ടായി;

(ബി) 2011-2012-ലും 2012-2013-ലും 2013-2014-ലും വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരമായി ഓരോ വർഷവും എത്ര തുക വീതം നൽകിയിട്ടുണ്ട്?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശം</u>

7441 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ്മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം വന്നു കൃഷിനാശം ഉണ്ടാകുന്ന കർഷകരെ സഹായിക്കുന്നതിന് വിള ഇൻഷ്വറൻസ് അല്ലാതെ മറ്റെന്തെങ്കിലും പദ്ധതികൾ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) 2013-2014 വർഷം പ്രകൃതിക്ഷോഭത്തിൽ എത്ര കർഷകർക്ക് എത്ര തുകയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്നാണ് കൃഷിവകുപ്പ് വിലയിരുത്തിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇങ്ങനെ കൃഷിനാശം ഉണ്ടായ കർഷകർക്ക് കൃഷി വകുപ്പിൽ നിന്ന് എത്ര തുക വീതം ഓരോ ജില്ലയിലും നഷ്ടപരിഹാരം നൽകിയെന്നും മറ്റു വകുപ്പുകൾ മുഖേന കൃഷിക്കാർക്ക് ഓരോ ജില്ലയിലും എത്ര തുക നഷ്ടപരിഹാരമായി ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>അങ്കമാലി മണ്ഡലത്തിലെ തോടുകളുടെ പുനരുദ്ധാരണം</u>

7442 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കാർഷിക മേഖലയിൽ ജലസേചനത്തിന് മുഖ്യപങ്ക് വഹിക്കുന്ന അങ്കമാലി മാഞ്ഞാലിത്തോടിന്റെ കൈവഴികളായ മൂക്കന്നൂർ തോട്, കറുകുറ്റി തോട്, മൂന്നുതോട് തുടങ്ങിയവയുടെ ശോചൃവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ കാർഷിക മേഖല ആശ്രയിക്കുന്ന ഈ തോടുകൾ പുന:രുദ്ധരിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

നീലേശ്വരം മുൻസിപ്പൽ ബസ്സ്റ്റാന്റ് നിർമ്മാണത്തിനുള്ള സ്ഥലം

T7443 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

നീലേശ്വരം മുൻസിപ്പാലിറ്റി ബസ്സ്റ്റാന്റ് നിർമ്മാണത്തിന് 2 വർഷം മുമ്പ് ഈ സർക്കാർ അനുവദിച്ച സ്ഥലം നാളിതുവരെയായും അളന്നു തിട്ടപ്പെടുത്തി നൽകാൻ കൂട്ടാക്കാത്ത കാർഷിക സർവ്വകലാശാല അധികൃതർക്ക് എതിരെ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

ഇടുക്കി ജില്ലയിൽ കൃഷി ഓഫീസർ ഇല്ലാത്ത ഓഫീസുകൾ

7444 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ആകെയുള്ള കൃഷി ഓഫീസുകൾ എത്ര; ഇതിൽ കൃഷി ഓഫീസർ ഇല്ലാത്ത ഓഫീസുകൾ എത്ര; വിശദാംശം നൽകാമോ;

(ബി) ഉടുമ്പൻചോലയിൽ ഇപ്പോൾ കൃഷി ഓഫീസറുടെ സേവനം ലഭ്യമാണോ; ഇല്ലെങ്കിൽ എത്ര കാലമായി പ്രസ്തുത ഓഫീസിൽ കൃഷി ഓഫീസറുടെ സേവനം ലഭ്യമല്ലാതായിട്ട്; എന്തുകൊണ്ട്;

(സി) പഞ്ചായത്ത് മുഖാന്തിരം നടപ്പാക്കി വരുന്ന ജനകീയാസൂത്രണം പദ്ധതിയുടെ നടത്തിപ്പിനെ കൃഷി ഓഫീസറുടെ അഭാവം ദോഷകരമായി ബാധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉടുമ്പൻചോലയിൽ അടിയന്തരമായി കൃഷി ഓഫീസറുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ജില്ലയിലെ ഒഴിവുള്ള കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റുമാർക്ക് ഓഫിസർമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള മാനദണ്ഡം</u>

7445 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; എത്ര തസ്തികകളാണ് ഇതുവഴി നികത്തുന്നത്; പ്രസ്തുത നിയമനത്തിന് പി.എസ്.സി. അവസാനമായി പരീക്ഷ നടത്തിയതെപ്പോൾ; എത്ര പേർ പരീക്ഷ എഴുതി; എത്ര പേർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്;

(ബി) ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ പല തവണ പി.എസ്.സി മാറ്റിയത് മൂലം റാങ്ക് ലിസ്റ്റിൽ ഉദ്യോ ഗാർത്ഥികൾ കുറയാൻ ഇടയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ</u>

7446 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് 4/12/2013-ൽ വകുപ്പുമന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിന്റ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നല്കുമോ;

(ബി) കെയ്കോയെ കൃഷിവകുപ്പിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കെയ്കോയുടെ പുനരുദ്ധാരണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

**<u>കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ജീവനകാര്യം</u>**

7447 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിലവിലുള്ള ജീവനക്കാർ എത്രയെന്നറിയിക്കുമോ;

(ബി) നിലവിലെ ഒഴിവുകൾ സംബന്ധിച്ച വിവരം നൽകുമോ; ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പുതിയതായി തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) സർക്കാർ പ്രഖ്യാപിക്കുന്ന ഡി.എ. കോർപ്പറേഷനിലെ ജീവനക്കാർക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകളും നിയമനങ്ങളും</u>

7448 ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റുമാരുടെ ജില്ല തിരിച്ചുള്ള തസ്തികകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) കൃഷി അസിസ്റ്റന്റുമാരുടെ നിയമനം നിലവിൽ ഏതെല്ലാം വകുപ്പുകളിലാണ് നടക്കുന്നത്;

(സി) 2014 ജൂൺ മാസം വരെ എത്ര കൃഷി അസിസ്റ്റന്റുമാർക്ക് കൃഷിഓഫീസർമാരായി പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്;

(ഡി) പ്രൊമോഷൻ നൽകുകവഴിയുണ്ടായ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) റിപ്പോർട്ട്ചെയ്തിട്ടില്ലെങ്കിൽ എന്നത്തേക്ക് റിപ്പോർട്ട് ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ;

(എഫ്) കൃഷി അസിസ്റ്റന്റുമാരെ എ.എഫ്.ഒ. ആയി പ്രൊമോഷൻ നൽകിയ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ഹൈടെക് ഡയറി ഫാം</u>

7449 ശ്രീ. പാലോട് രവി
,, പി. എ. മാധവന്‍
,, കെ. മുരളീധരന്‍
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളില്‍ ഹൈടെക് ഡയറി സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണെന്ന് വിവരിക്കുമോ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നിര്‍വ്വഹണത്തിന് ഭരണതലത്തില്‍ എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>മാതൃകാ മൃഗകർഷക സംരംഭങ്ങൾ</u>

7450 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരുടെ മാതൃകാ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പരിപാടി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതെല്ലാം മാതൃകാ സംരംഭങ്ങൾക്കാണ് പ്രോത്സാഹനം നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രോത്സാഹനം നൽകാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ഗോസുരക്ഷാ പദ്ധതി</u>

7451 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, എ.റ്റി. ജോർജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ''ഗോസുരക്ഷാ പദ്ധതി'' നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

**ഭക്ഷ്യസുരക്ഷാ പദ്ധതിയിലൂടെ വനിതകൾക്ക് ധനസഹായം**

7452 ശ്രീ. ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, എ.പി. അബ്ദുള്ളക്കുട്ടി
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പദ്ധതിയിൽപ്പെടുത്തി മൃഗകർഷകരായ വനിതകൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ധനസഹായങ്ങളാണ് വനിതകൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കീടനാശിനികള്‍ ചേര്‍ത്ത പഴം, പച്ചക്കറി</u>

7453 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഴം പച്ചക്കറികളിലെ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് കൃഷി വകുപ്പ് മുഖേന എന്തൊക്കെ പരിശോധനകളാണ് നടത്താറുള്ളത് ; വിശദാംശം നല്‍കുമോ ;

(ബി) വിഷാംശ രഹിതമായ പഴം, പച്ചക്കറികള്‍ ഉല്‍പ്പാദിപ്പിക്കുന്നതിന് സര്‍ക്കാര്‍ എന്തൊക്കെ പ്രോത്സാഹനമാണ് നല്‍കി വരുന്നത് ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ക്ഷീരമേഖലയുടെ വികസനം</u>

7454 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരമേഖലയുടെ വികസനത്തിനായി 2012-13 വർഷത്തിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്നും പ്രസ്തുത ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്നും വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) 2013-14 വർഷത്തിൽ ക്ഷീരമേഖലയുടെ വികസനത്തിനായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

മൃഗസംരക്ഷണവകുപ്പിന്റെ പൗരാവകാശ രേഖ

7455 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് മൃഗസംരക്ഷണവകുപ്പ്, മറ്റ് ഏജൻസികൾ എന്നിവ മുഖേന ലഭ്യമാക്കുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് മൃഗസംരക്ഷണവകുപ്പ്, മറ്റ് ഏജൻസികൾ എന്നിവ മുഖേന ലഭ്യമാക്കുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>പൂക്കോട് വെറ്ററിനറി സർവ്വകലാശാല ആസ്ഥാനം</u>

7456 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പൂക്കോട് ഉള്ള വെറ്ററിനറി സർവ്വകലാശാലാ ആസ്ഥാനം അവിടെ നിന്നും മാറ്റി സ്ഥാപിക്കാനുള്ള ആലോചന പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

ആനക്കയം കാർഷിക ഗവേഷണകേന്ദ്രത്തിൽ
പുതിയ പദ്ധതികൾ

7457 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആനക്കയം കാർഷിക ഗവേഷണകേന്ദ്രത്തിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക സർവ്വകലാശാലയുടെ പുതിയ കോഴ്സുകൾ പ്രസ്തുത കേന്ദ്രത്തിൽ തുടങ്ങാൻ പദ്ധതിയുണ്ടോ;

(സി) ടൂറിസം വകുപ്പുമായി സഹകരിച്ച് ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>ആനക്കയം, അമ്പലവയൽ കേന്ദ്രങ്ങളിലെ കൃഷി സംബന്ധമായ ഗവേഷണങ്ങൾ</u>

7458 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ആനക്കയം, അമ്പലവയൽ കേന്ദ്രങ്ങളിൽ കൃഷി സംബന്ധമായ എന്തൊക്കെ ഗവേഷണങ്ങൾ നടക്കുന്നുണ്ട് എന്ന് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ ചുമതലയുള്ളവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ആനക്കയം കേന്ദ്രത്തിന് എത്ര ഏക്കർ സ്ഥലം ഉണ്ടെന്നും എന്തൊക്കെ കാര്യങ്ങൾ ഇവിടെ ചെയ്തു എന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും കാർഷിക സർവ്വകലാശാലയ്ക്ക് എത്രരൂപയുടെ വരുമാനമുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ആനക്കയത്തും അമ്പലവയൽ കേന്ദ്രത്തിലും ഫാം ടൂറിസം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

കുളമ്പ് രോഗം ബാധിച്ച് ചത്ത കന്നുകാലികൾക്കുള്ള നഷ്ടപരിഹാരം

7459 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുളമ്പ് രോഗം ബാധിച്ച് ചത്ത കന്നുകാലികളുടെ ഉടമകൾക്ക് ഇതേവരെ വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് പറയാമോ ;

(ബി) ഈ ഇനത്തിൽ ആർക്കെങ്കിലും തുക വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

തിക്കോടിയിൽ പ്രവർത്തിക്കുന്ന എതിർ പ്രാണി വളർത്ത് കേന്ദ്രം

7460 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിക്കോടിയിൽ പ്രവർത്തിക്കുന്ന എതിർ പ്രാണി വളർത്ത് കേന്ദ്രം പി.ബി.എസ്. സ്ഥാപിതമായത് എപ്പോഴാണ് എന്നത് വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടക്കുന്നു; എത്ര ജീവനക്കാർ ജോലി ചെയ്യുന്നു; വ്യക്തമാക്കാമോ ;

(സി) ഈ സ്ഥാപനത്തിന്റെ നാശാവസ്ഥയെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ ; വ്യക്തമാക്കാമോ ;

(ഡി) ഇത് സംബന്ധിച്ച് നിയമസഭാ സാമാജികനിൽ നിന്ന് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടായിരുന്നുവോ ; എങ്കിൽ പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>ഗവണ്‍മെന്റ് പ്രസ്സുകളുടെ നവീകരണത്തിന് കര്‍മ്മ പദ്ധതി</u>

7461 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വര്‍ക്കല കഹാര്‍
,, ആര്‍. സെല്‍വരാജ്
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗവണ്‍മെന്റ് പ്രസ്സുകളുടെ നവീകരണത്തിന് എന്തെല്ലാം കര്‍മ്മ പദ്ധതികളാണ് ഈ സര്‍ക്കാരിന്റെ കാലത്ത് ആസൂത്രണം ചെയ്തതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിനായി പ്രയോജനപ്പെടുത്തിയത്; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) എന്തെല്ലാം യന്ത്രങ്ങളാണ് നവീകരണത്തിനായി പ്രസ്സുകളില്‍ സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) നവീകരണത്തിനായി ഭരണതലത്തില്‍ എന്തെല്ലാം നടപടികള്‍ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>സ്റ്റേഷനറി വകുപ്പിന്റെ നവീകരണം</u>

7462 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറി വകുപ്പിന്റെ നവീകരണത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് ആസൂത്രണം ചെയ്തതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ആധുനികസാങ്കേതിക വിദ്യകളാണ് ഇതിനായി പ്രയോജനപ്പെടുത്തിയത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പേപ്പർ ടെസ്റ്റിംഗ് ലാബിന്റെ നവീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) നവീകരണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>അച്ചടിവകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്</u>

7463 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കേരള ഗവ. പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചത് മാറ്റം വരുത്താതെ നടപ്പിലാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ആയതു നടപ്പിലാക്കണമെന്ന് ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉത്തരവു പുറപ്പെടുവിച്ചിരുന്നോ എന്നും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>അച്ചടി വകുപ്പ് ജീവനക്കാരനെതിരെ അച്ചടക്ക നടപടി</u>

7464 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഒന്നാം ഗ്രേഡ് പ്രിന്റർ എസ്. ലതാകുമാരിയോട് അപമര്യാദയായി പെരുമാറിയതു സംബന്ധിച്ച് ഏതെങ്കിലും ജീവനക്കാരനെതിരെ പരാതി ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് അച്ചടി വകുപ്പ് ഡയറക്ടർ എന്തെങ്കിലും നടപടി ആർക്കെതിരെയെങ്കിലും സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ:

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്നും, ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>അച്ചടി ശാലകളിലെ യന്ത്രസാമഗ്രികൾക്ക് അനുവദിച്ച തുക</u>

7465 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ പ്രസ്സുകളിലേക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് എത്ര കോടി രൂപ അനുവദിച്ചുവെന്നും അതിൽ എത്ര തുകയ്ക്ക് ആയതു വാങ്ങിയെന്നും സാമ്പത്തികവർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ലോക്കൽ പർച്ചേസിംഗ് മുഖേന വാങ്ങിയ പ്ലേറ്റുകൾ എത്രയെന്നും തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) അച്ചടി വകുപ്പിലേക്ക് ആവശ്യമുള്ള പ്ലേറ്റുകൾ ആനുവൽ പർച്ചേസ് നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ?